പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2264

18.6.2013 ൽ
മറുപടിയ്ക്ക്

## ഐ.ടി. സ്ഥാപനങ്ങളുടെ അടിസ്ഥാന വികസനത്തിനുള്ള ഫണ്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ ;<br>ശ്രീ. എ. പ്രദീപ്കുമാർ ;<br>ശ്രീ. ആർ. രാജേഷ് ;<br>ശ്രീ. ഡോ. കെ.ടി. ജലീൽ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി) |
| എ) തിരുവനന്തപുരത്തെ ടെക്നോസിറ്റിയുടെയും കൊച്ചിയിലെ ഇൻഫോപാർക്കിന്റെയും, കോഴിക്കോട് സൈബർപാർക്കിന്റെയും അടിസ്ഥാന വികസനത്തിനായി ഐ.ടി. വകുപ്പ് എന്ത് തുകയാണ് ആവശ്യപ്പെട്ടിരുന്നത് ; ഇതിനായി നടപ്പ് വർഷത്തെ ബഡ്ജറ്റിൽ എന്ത് തുകയാണ് അനുവദിച്ചത് ; | എ) അടിസ്ഥാന സൗകര്യ വികസനത്തിനായി ടെക്നോപാർക്കിനും ടെക്നോസിറ്റിക്കും കൂടി 160 കോടി രൂപയും, ഇൻഫോപാർക്കിന് 60 കോടി രൂപയും, സൈബർപാർക്കിന് 60 കോടി രൂപയും ആവശ്യപ്പെട്ടിരുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ ടെക്നോപാർക്കിന് 65 കോടി രൂപയും ഇൻഫോപാർക്കിന് 50 കോടി രൂപയും സൈബർപാർക്കിന് 10 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| ബി) ആവശ്യമായ ഫണ്ട് ലഭ്യമാക്കാതിരുന്നാൽ ഇതിനായി മുന്നോട്ട് വന്നിട്ടുള്ള പല കമ്പനികളും പദ്ധതിയിൽ നിന്നും പിൻമാറുമെന്നത് വിലയിരുത്തിയിട്ടുണ്ടോ ; ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ; പദ്ധതി നടപ്പാക്കുന്നതിനായി മുന്നോട്ട വന്നിട്ടുള്ള കമ്പനികൾ ഏതൊക്കെയാണ് ; | ബി) പദ്ധതി നടപ്പിലാക്കുന്നതിനായി മുന്നോട്ടുവന്നിട്ടുള്ള ഒരു കമ്പനിയും പിന്മാറിയിട്ടില്ല. ടെക്നോസിറ്റി പദ്ധതിയിൽ TCS (97 എക്കറിൽ), ഇൻഫോസിസ് ലിമിറ്റഡ് (50 ഏക്കറിൽ), സൺടെക് ബിസിനസ്സ് സൊല്യൂഷൻസ് (10 ഏക്കർ) എന്നീ സ്വകാര്യ കമ്പനികളും സർക്കാർ സ്ഥാപനമായ IIITM-K (10 ഏക്കറിൽ) വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി ടെക്നോപാർക്കുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. സൈബർപാർക്ക് പ്രാരംഭ ഘട്ടത്തിലായതിനാൽ സംരംഭകർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കി വരുന്നതേയുള്ളൂ. |

ഇൻഫോപാർക്കിനെ സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

<u>ഇൻഫോപാർക്ക് ഒന്നാംഘട്ടം</u>

1 Wipro Limited –25.18 acres–Project implemented
2 L & T Technopark Ltd. – 7.44 acres - „
3 Leela Infopark – 6.50 acres - „
4 TCS - 15.72 acres - „
5 Brigade Enterprise-5.00 acres – Project under Implementation
6 IBS Software – 4.21 acres - „
7 Geonair - 2.61 acres - „

<u>ഇൻഫോപാർക്ക് രണ്ടാംഘട്ടം</u>

1 Cognizant Technology – 15.41 acres „
2 Transasia - 2.06 acres „

| | | | |
|---|---|---|---|
| സി) | ഇൻഫോപാർക്കിന്റെ ഒന്നാംഘട്ട അടിസ്ഥാന വികസന സൗകര്യം പൂർത്തിയാക്കുന്നതിനും 2-ാം ഘട്ട വികസനത്തിനുമായി എത്ര തുകയാണ് കണക്കാക്കിയിരുന്നത് ; ഇതിനാവശ്യമായ തുക ഈ വർഷം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | സി) | ഇൻഫോപാർക്ക് കൊച്ചി ഒന്നാംഘട്ടത്തിൽ അടിസ്ഥാന വികസനത്തിനായി ഇതുവരെ 202 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. ഇൻഫോപാർക്ക് രണ്ടാംഘട്ടത്തിൽ 2012-13 വരെ 68.50 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. 2013-14 ൽ 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| ഡി) | കൊച്ചിയിൽ നിന്ന് ഇൻഫോപാർക്കിലേക്ക് പുതിയ റോഡ് നിർമ്മാണത്തിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ ; | ഡി) | കൊച്ചി ബൈപ്പാസിൽ ചക്കരപറമ്പിൽ തുടങ്ങി എയർപോർട്ട് സീപോർട്ട് റോഡിൽ നിന്ന് ഇൻഫോപാർക്ക് Expressway കവാടം വരെ ഒരു പുതിയ നാലുവരിപാത നിർമ്മിക്കുന്നതിനുള്ള ആലോചന സജീവമാണ്. 14.50 ഹെക്ടർ ഭൂമി അക്വയർ ചെയ്യുന്നതിന്റെ ചെലവ് ഉൾപ്പെടെ ഈ റോഡ് നിർമ്മിക്കുന്നതിന് ഏകദേശം 330 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. |
| ഇ) | ഇതിനാവശ്യമായ ഫണ്ട് ഈ വർഷത്തെ ബജറ്റിൽ അനുവദിച്ചിട്ടുണ്ടോ ? | ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ